KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Will consider raising land cap on plantations for diversification: Minister Rajeeve

- **Minister attends review meeting with small holders**

**Thiruvananthapuram, Oct. 20:** The state government will seriously consider the demand of small-scale farmers to raise the ceiling on plantations used for activities other than growing listed crops from the present five per cent, Minister for Law, Industries and Coir Shri P. Rajeeve said.

Shri Rajeeve was responding to the concerns raised by small scale farmers in plantation sector that the allocated five percent land is insufficient and not profitable, at a meeting held here last evening.

Kerala, which accounted for 46 per cent of the total plantation area in the country, was the first state to establish a dedicated Plantation Directorate under the Department of Industries and Commerce (DI&C) and accord the sector industry status, setting in process a whole lot of initiatives to enhance production, augment revenue, promote value-addition and establish a Kerala brand in the global market, the Minister said.

Principal Secretary, Industries, Shri A. P. M. Mohammed Hanish; Plantation Directorate Special Officer and Director of Industries & Commerce, Shri S. Harikishore and Plantation Directorate Additional Director Dr K S Kripakumar were also present.

The Minister said the activities of the Plantation Directorate under the Department of Industries and Commerce (DI&C) could initiate changes in policies and implement various projects, besides finding solutions to the existing problems in the sector.

The Minister also said DI&C will reimburse the interest on the loans taken from banks by farmers for the renovation of their shelters in plantation sector.

If a plantation has 10 acres of land above the stipulated area for growing commercial crop, it will be given permission for setting up a fruit park, in a first in the country, with the DI&C providing a grant of Rs 3 crore for the infrastructure development of the park, he informed.

The Directorate of Plantation will be conducting workshops on farming of fruits in plantations in various sectors across the state. They can also be leveraged for farm tourism in an environmentally sustainable manner, Shri Rajeeve said.

The DI&C will provide financial aid for the modernisation of cultivation of plantation crops and optimisation of revenue.

Shri Rajeeve said technical aid will also be provided for grading, packaging and branding of value-added products from plantation sector. Steps are being taken for creating 'Kerala Brand' of coconut oil, coffee and spices and present them on global arena.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

Recently, DI&C has signed an MoU with the Indian Institute of Management Kozhikode (IIMK) for conduct of a comprehensive study on diversification and optimisation of revenue from plantations in Kerala. Also, World Bank-assisted projects in the sector are on track.

Commenting on the parks, Shri Rajeeve said the new Spices Park at Thodupuzha has immense potential and the Carbon Neutral Park in Wayanad will start functioning soon apart from another proposed Coconut Park at Kuttiyadi.

The Minister informed that a plantation expo will be conducted on January 20, 2024 in Kochi.

The small-scale farmers also called for bringing fruits like rambutan, avocado and other varieties under the ambit of plantations and permitting more land for their cultivation.

Small scale farmers are facing difficulties for profitable farming and replant of plantation crops like tea, coffee, rubber and cardamom that come under Plantation Labour Act, they added.

**Ends**

**പത്രക്കുറിപ്പ്** **20.10.2023**

**തോട്ടംമേഖലയിലെ ചെറുകിട കർഷകരുടെ ആവശ്യങ്ങൾ**

**ഗൗരവപൂർവം പരിഗണിക്കും: മന്ത്രി രാജീവ്**

**തിരുവനന്തപുരം**: പ്ലാന്റേഷൻ ഇതരപ്രവർത്തനങ്ങൾക്കായി തോട്ടങ്ങൾക്ക് നിലവിൽ അനുവദനീയമായ അഞ്ചു ശതമാനം ഭൂപരിധി വർധിപ്പിക്കണമെന്ന ചെറുകിട കർഷകരുടെ ആവശ്യം പരിഗണിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. കേരളത്തിലെ തോട്ടംമേഖലയിലെ ചെറുകിട കർഷകരുമായുള്ള യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ തോട്ടം മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വ്യവസായ വകുപ്പിന് കീഴിലെ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ സഹായകമായി. നയപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചതിനൊപ്പം വിവിധ പദ്ധതികൾ നടപ്പിലാക്കാനായെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ രാജ്യത്തെ ആകെ പ്ലാന്റേഷന്റെ 46 ശതമാനവും കേരളത്തിലാണ്. ഇന്ത്യയിൽ ആദ്യമായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചതും അതിനെ വ്യവസായമായി പ്രഖ്യാപിച്ചതും കേരളമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തോട്ടം മേഖലകളുമായി ബന്ധപ്പെട്ട ലയങ്ങളുടെ പുനരുദ്ധാരണത്തിനായി കർഷകരെടുക്കുന്ന വായ്പാതുകയുടെ പലിശ വ്യവസായ വകുപ്പ് റീ-ഇംബേഴ്സ് ചെയ്യുമെന്നും മന്ത്രി പറഞ്ഞു. പ്ലാന്റേഷൻ അല്ലാതെയുള്ള പത്ത് ഏക്കർ ഭൂമി കർഷകർ കണ്ടെത്തിയാൽ ഇന്ത്യയിൽ ആദ്യമായി ഒരു ഫ്രൂട്ട് പാർക്ക് തുടങ്ങാനുള്ള അനുമതി നല്കും. ഫ്രൂട്ട് പാർക്കിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി മൂന്ന് കോടി രൂപ ഗ്രാന്റായി സർക്കാർ നല്കുമെന്നും അദ്ദേഹം പറഞ്ഞു.

തോട്ടങ്ങളോട് ചേർന്ന് പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ടുള്ള ഫാം ടൂറിസം സാധ്യമാകും. തോട്ടവിളകളോട് ചേർന്ന് ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിവിധ മേഖലകളിലായി ശില്പശാലകൾ സംഘടിപ്പിക്കും.

തോട്ടവിള കൃഷി രീതികൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ആധുനിക സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനുള്ള ധനസഹായം നല്കും. വെളിച്ചെണ്ണ, കാപ്പി എന്നിവയുടെ കേരള ബ്രാൻഡ് രൂപപ്പെടുത്തി ലോക

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

ത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബജറ്റിൽ അതിനു വേണ്ടി 1000 കോടി വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തോട്ടംമേഖലയിൽ ലോകബാങ്കിന്റെ പിന്തുണയോടെയുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്. ഇത്തരത്തിൽ പ്ലാന്റേഷൻ മേഖലയിലെ മുഴുവൻ സാധ്യതകളേയും ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. പ്ലാന്റേഷൻ മേഖലയിലെ സമഗ്രപഠനത്തിന് ഐഐഎം കോഴിക്കോടുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ പ്രവർത്തിച്ചു തുടങ്ങിയ തൊടുപുഴയിലെ സ്പൈസസ് പാർക്കിന് വലിയ സാധ്യതകളുണ്ട്. 20 ഏക്കർ സ്ഥലം കൂടി അവിടെ ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്നു വന്നിരുന്നു. വയനാട്ടിലെ കാർബൺ ന്യൂട്രൽ കോഫി പാർക്ക് അടുത്തകാലത്ത് തന്നെ പ്രവർത്തനം ആരംഭിക്കും. കുറ്റ്യാടിയിലും ഒരു നാളികേര പാർക്ക് വരുന്നുണ്ട്. തോട്ടംമേഖലയുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. 2024 ജനുവരി 20 ന് കൊച്ചിയിൽ പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

റമ്പൂട്ടാൻ, അവോക്കാഡോ മുതലായ ഫലവൃക്ഷങ്ങളും മറ്റു വിളകളും പ്ലാന്റേഷൻ പരിധിയിൽ കൊണ്ടു വരണമെന്നും കൂടുതൽ ഭൂമി അതിനായി ഉപയോഗിക്കാനുള്ള അനുമതി നൽകണമെന്നും ചെറുകിട കർഷകർ മന്ത്രിയോട് ആവശ്യപ്പെട്ടു. പ്ലാന്റേഷൻ ഇതരപ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള അഞ്ചു ശതമാനം ഭൂമി തീരെ കുറവായതിനാൽ ലാഭകരമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയുന്നില്ലെന്നും അതിന്റെ പരിധി ഉയർത്തുന്നത് ചെറുകിട ഉത്പാദകർക്ക് സഹായകമാകുമെന്നും അവർ പറഞ്ഞു.

യോഗത്തിൽ വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്പെഷ്യൽ ഓഫീസറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്.ഹരികിഷോർ, പ്ലാന്റേഷൻ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഡോ. കെ എസ്. കൃപകുമാർ എന്നിവരും സംസാരിച്ചു.